ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME:** 12.30 PM **DATE:** 29.10.2025

### പ്രധാനവാർത്തകൾ

1. മുംബൈയിൽ നടക്കുന്ന മാരിടൈം ലീഡേഴ്സ് കോൺക്ലേവിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും.
2. തദ്ദേശ തിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ച രാഷ്ട്രീയകക്ഷികളുടെ യോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു.
3. കേരളത്തിൽ കെട്ടിട നിർമാണ ചട്ടങ്ങളിൽ സമഗ്ര മാറ്റം ലക്ഷ്യമിട്ടുള്ള ഭേദഗതികൾക്ക് അന്തിമരൂപമായതായി മന്ത്രി എം.ബി.രാജേഷ്.
4. സംസ്ഥാനത്ത് ശക്തമായ മഴ തുടരും; തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത; കർണാടക തീരത്ത് ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.
5. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ അൽപശി ഉത്സവത്തോടനുബന്ധിച്ചുള്ള പള്ളിവേട്ട ഇന്ന്; നാളെ ആറാട്ടിനോടനുബന്ധിച്ച് തിരുവനന്തപുരം വിമാനത്താവളത്തിൽ നിയന്ത്രണം.
6. വനിതാ ലോകകപ്പ് ക്രിക്കറ്റ് ആദ്യ സെമിയിൽ ഇന്ന് ദക്ഷിണാഫ്രിക്ക- ഇംഗ്ലണ്ട് പോരാട്ടം.

PNU TVPM

## പ്രധാനമന്ത്രി - മുംബൈ

മുംബൈയിൽ നടക്കുന്ന മാരിടൈം ലീഡേഴ്‌സ് കോൺക്ലേവിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും. ഷിപ്പിംഗ്, തുറമുഖങ്ങൾ, കപ്പൽ നിർമാണം, ക്രൂയിസ് ടൂറിസം, സമുദ്ര സമ്പദ്‌വ്യവസ്ഥ എന്നിവ സംബന്ധിച്ച് ചർച്ച നടക്കും. 85 ലധികം രാജ്യങ്ങളിൽ നിന്നുള്ള ഒരു ലക്ഷത്തിലധികം പ്രതിനിധികൾ പങ്കെടുക്കും. ഇന്ത്യ മാരിടൈം വീക്ക് 2025 ലെ ഗ്ലോബൽ മാരിടൈം സി.ഇ.ഒ ഫോറത്തിലും പ്രധാനമന്ത്രി അധ്യക്ഷത വഹിക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## തിരഞ്ഞെടുപ്പ് - മുന്നൊരുക്കങ്ങൾ

തദ്ദേശപൊതുതിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ വിലയിരുത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ചു ചേർക്കുന്ന രാഷ്ട്രീയകക്ഷികളുടെ യോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. ദേശീയ, സംസ്ഥാന രാഷ്ട്രീയകക്ഷികളുടെ പ്രതിനിധികളാണ് യോഗത്തിൽ പങ്കെടുക്കുന്നത്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## എം.ബി.രാജേഷ് (ഇൻട്രോ)

കെട്ടിട നിർമാണ ചട്ടങ്ങളിൽ സമഗ്ര മാറ്റം ലക്ഷ്യമിട്ടുള്ള ഭേദഗതികൾക്ക് അന്തിമരൂപം ആയതായി മന്ത്രി എം.ബി.രാജേഷ്. ചട്ടങ്ങളിൽ വ്യക്തത വരുത്തുകയും സേവനങ്ങളുടെ വേഗത വർധിപ്പിക്കുകയും ലക്ഷ്യമിട്ടാണ് പരിഷ്കാരം നടപ്പാക്കിയതെന്നും മന്ത്രി വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ചട്ട ഭേദഗതിക്ക് നിയമവകുപ്പിന്റെ അംഗീകാരം കിട്ടിയെന്നും ഉടൻ വിജ്ഞാപനം ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ആർ ബിന്ദു

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്കായി 'അൻപ്' പ്രത്യേക ക്യാമ്പയിൻ ആദ്യഘട്ട പരിപാടികളുടെ ഉദ്ഘാടനം മന്ത്രി ആർ ബിന്ദു തിരുവനന്തപുരത്ത് നിർവഹിച്ചു. ഇതോടനുബന്ധിച്ച് നടപ്പിലാക്കുന്ന പദ്ധതികളേയും, സേവനങ്ങളേയും കുറിച്ചുള്ള കൈപ്പുസ്തകം ചടങ്ങിൽ പ്രകാശനം ചെയ്തു. വിദ്യാഭ്യാസം, നൈപുണ്യ വികസനം, തൊഴിൽ ക്ഷമത വർദ്ധിപ്പിക്കൽ, സംരംഭക താൽപ്പര്യം പ്രോത്സാഹിപ്പിക്കൽ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന പദ്ധതികളാണ് നടപ്പാക്കുകയെന്ന് മന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## മൊൻതാ ചുഴലിക്കാറ്റ്

ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട മൊൻതാ ചുഴലിക്കാറ്റ് ദുർബലമായതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആന്ധ്രാപ്രദേശിലെ മച്ചിലിപട്ടണത്തിനും കലിംഗപട്ടണത്തിനും ഇടയിൽ കാക്കിനടയ്ക്ക് സമീപമാണ് ഇന്നലെ രാത്രി ചുഴലിക്കാറ്റ് തീരം തൊട്ടത്. ചുഴലിക്കാറ്റിലും ശക്തമായ മഴയിലും ആന്ധ്രയിൽ 43,000 ഹെക്ടർ വിളകൾ നശിച്ചു. ഒഡിഷയിൽ മരങ്ങൾ കടപുഴകിയതിനെ തുടർന്ന് റോഡുകൾ തകർന്നു. തെലങ്കാനയിലും പശ്ചിമ ബംഗാളിലും ഇന്നും നാളെയും ശക്തമായ മഴയ്ക്ക് സാധ്യതയെന്നാണ് മുന്നറിയിപ്പ്. ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ ദേശീയ ദുരന്ത നിവാരണ സേനയുടെ 26 സംഘങ്ങളെ വിവിധ സംസ്ഥാനങ്ങളിലായി വിന്യസിച്ചിട്ടുണ്ട്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## മഴ- സംസ്ഥാനം

സംസ്ഥാനത്ത് ശക്തമായ മഴ തുടരും. ഇന്ന് തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കർണാടക തീരത്ത് ശക്തമായ കാറ്റിനും മോശം

കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## മൂലമറ്റം (ഇൻട്രോ)

മൂലമറ്റം വൈദ്യുതി നിലയം അറ്റകുറ്റ പണികൾക്കായി ഒരു മാസത്തേയ്ക്ക് അടക്കുന്നു. ഇതിന്റെ ഭാഗമായി വൈദ്യുതി ഉൽപ്പാദനത്തിൽ 600 മെഗാവാട്ടിൻ്റെ കുറവുണ്ടാകും. മഴ തുടർന്നാൽ ഇടുക്കി ഡാമിലെ ജലനിരപ്പ് ഉയരാനും സാധ്യതയുണ്ട്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി **രതീഷ് കൃഷ്ണ....**
**( വോയിസ് .... )**

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## പാലക്കാട്- മഴ

പാലക്കാട് എടത്തനാട്ടുകരയിൽ സ്കൂളിന്റെ മതിൽ ഇടിഞ്ഞു. ചളവറ ഗവൺമെന്റ് യു.പി സ്കൂളിന്റെ മതിലാണ് മഴയിൽ ഇടിഞ്ഞത്. മണ്ണാർക്കാട് പുലാപ്പറ്റയിൽ ഭാഗത്ത് വീടിനും വീടിനോട് ചേർന്ന തൊഴുത്തിനും നാശനഷ്ടം സംഭവിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## സർദാർ പട്ടേൽ അനുസ്മരണം

കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ ഇന്ന് ന്യൂഡൽഹിയിൽ ഈ വർഷത്തെ സർദാർ പട്ടേൽ അനുസ്മരണ പ്രഭാഷണം നടത്തും. കേന്ദ്ര സഹമന്ത്രി എൽ.മുരുകൻ ചടങ്ങിൽ പങ്കെടുക്കും. ഇന്ത്യയുടെ ആദ്യത്തെ വാർത്താ വിതരണ പ്രക്ഷേപണ മന്ത്രിയായിരുന്ന സർദാർ വല്ലഭ് ഭായ് പട്ടേലിനോടുള്ള ആദരസൂചകമായാണ് ആകാശവാണി എല്ലാ വർഷവും സർദാർ പട്ടേൽ അനുസ്മരണ

പ്രഭാഷണം നടത്തുന്നത്. സർദാർ പട്ടേലിന്റെ ജന്മവാർഷിക ദിനമായ മറ്റന്നാൾ ആകാശവാണിയുടെ മുഴുവൻ ശൃംഖലയിലും പ്രഭാഷണം പ്രക്ഷേപണം ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## റൺ ഫോർ യൂണിറ്റി

സർദാർ വല്ലഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് മറ്റന്നാൾ രാജ്യമെമ്പാടും റൺ ഫോർ യൂണിറ്റി പരിപാടി സംഘടിപ്പിക്കും. ഏകീകൃത ഇന്ത്യയെക്കുറിച്ചുള്ള സർദാർ പട്ടേലിന്റെ കാഴ്ചപ്പാടിനെ അനുസ്മരിക്കുന്നതിനായി റൺ ഫോർ യൂണിറ്റിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളോട് അഭ്യർത്ഥിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ജോർജ് കുര്യൻ

കാസർഗോഡ് കേന്ദ്ര സർവ്വകലാശാലയുടെ പുതിയ അക്കാദമിക്ക് ബ്ലോക്കിന് നാളെ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ തറക്കല്ലിടും. കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയം - പ്രധാനമന്ത്രി ജൻ വികാസ് കാര്യ പദ്ധതിയിൽ ഉൾപ്പെടുത്തി 53 കോടി രൂപയോളം പുതിയ അക്കാദമിക്ക് ബ്ലോക്ക് നിർമ്മാണത്തിന് അനുവദിച്ചതായി രജിസ്ട്രാർ ഇൻ ചാർജ്ജ് ആർ. ജയ പ്രകാശ് അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## പള്ളിവേട്ട (ഇൻട്രോ)

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ അൽപശി ഉത്സവത്തോടനുബന്ധിച്ച് ഇന്ന് പള്ളിവേട്ട നടക്കും. രാത്രി 8.30 ഓടെ ചടങ്ങുകൾ ആരംഭിക്കും. നാളെയാണ് പ്രശസ്ത ചടങ്ങായ ആറാട്ട്.

RNU TVPM

വിശദാംശങ്ങളുമായി ആകാശവാണി **തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്....**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁❁❁

**<u>അമീബിക് മസ്തിഷ്ക ജ്വരം</u>**

സംസ്ഥാനത്തെ അമീബിക്ക് മസ്തിഷ്ക ജ്വര ബാധ സംബന്ധിച്ച് കോഴിക്കോട് ഫീൽഡ്തല പഠനം പുരോഗമിക്കുന്നു. രാവിലെ മെഡിക്കൽ കോളെജിൽ എത്തിയ ഐ സി എം ആർ സംഘാംഗങ്ങൾ വിവിധ ടീമുകളായി തിരിഞ്ഞാണ് സന്ദർശനം. തിരുവനന്തപുരം, കൊല്ലം, മലപ്പുറം ജില്ലകളിലും സംഘം പഠനം നടത്തും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

**<u>വനിത ലോകകപ്പ് ക്രിക്കറ്റ്</u>**

വനിതാ ലോകകപ്പ് ക്രിക്കറ്റിന്റെ ആദ്യ സെമി ഫൈനലിൽ ഇന്ന് ദക്ഷിണാഫ്രിക്ക, ഇംഗ്ലണ്ടിനെ നേരിടും. ഗുവാഹത്തിയിലെ ബർസപര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ പകൽ മൂന്നിനാണ് മത്സരം. നാളെ നടക്കുന്ന രണ്ടാം സെമിയിൽ ഇന്ത്യയും ഓസ്ട്രേലിയയും ഏറ്റുമുട്ടും.

❁❁❁❁❁❁❁❁❁❁❁❁❁❁❁

**<u>ടി-ട്വന്റി</u>**

ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള ടി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് കാൻബറയിൽ നടക്കും. ഉച്ചയ്ക്ക് 1:45 നാണ് മത്സരം. മലയാളിതാരം സഞ്ജു സാംസൺ ടീമിലുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 288 പോയിന്റ് നേട്ടത്തിൽ 84,916 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 116 പോയിന്റ് നേട്ടത്തിൽ 26,052 ലും വ്യാപാരം തുടരുന്നു.

സ്വർണവില കൂടി പവന് 560 രൂപ വർധിച്ച് 89,160 രൂപയും ഗ്രാമിന് 11,145 രൂപയുമാണ് ഇന്നത്തെ വില.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഭക്ഷ്യ വിഷബാധ

തിരുവനന്തപുരം നെയ്യാറ്റിൻകരയിൽ മത്സ്യം കഴിച്ചവർക്ക് ഭക്ഷ്യ വിഷബാധയേറ്റതായി പരാതി. 35 ഓളം പേരെ ആശുപത്രികളിൽ പ്രവേശിപ്പിച്ചു. ഇവരുടെ ആരോഗ്യ നില തൃപ്തികരമാണ്. കാഞ്ഞിരംകുളം, കുറുവാട്, ഊരമ്പ്, ചാമവിള പ്രദേശത്തുള്ളവർക്കാണ് ഭക്ഷ്യ വിഷബാധയേറ്റത്. മത്സ്യ സാമ്പിളുകൾ ആരോഗ്യ വകുപ്പ് ശേഖരിച്ചിട്ടുണ്ട്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁

## സർവ്വകക്ഷിയോഗം-കോഴിക്കോട്

കോഴിക്കോട് താമരശ്ശേരിയിലെ അറവുമാലിന്യ സംസ്കരണ കേന്ദ്രവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ജില്ലാ കലക്ടറുടെ നേതൃത്വത്തിൽ ഇന്ന് വൈകീട്ട് സർവകക്ഷി യോഗം ചേരും. മാലിന്യ സംസ്കരണ കേന്ദ്രം സന്ദർശിച്ച് ശുചിത്വമിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ തയ്യാറാക്കിയ റിപ്പോർട്ട് യോഗത്തിൽ പരിഗണിക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഷീ ലോഡ്ജ്

ഇടുക്കി മൂന്നാറിൽ വനിതാ വിനോദ സഞ്ചാരികൾക്ക് സുരക്ഷിത താമസമൊരുക്കാൻ പള്ളിവാസലിൽ ഷീ ലോഡ്ജ് ആരംഭിച്ചു. തദ്ദേശീയരായിട്ടുള്ള വനിതകൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ഇതിലൂടെ ലക്ഷ്യമിടുന്നു. ഒന്നരക്കോടി രൂപ ചെലവിലാണ് പഞ്ചായത്ത് ഷീ ലോഡ്ജ് നിർമ്മിച്ചിരിക്കുന്നത്.

## ചെന്നിത്തല- ലഹരി പ്രതിരോധം

ലഹരിക്കെതിരെയുള്ള പോരാട്ടത്തിന്റെ ഭാഗമായി മുൻപ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ ഇന്ന് ഇടുക്കി കട്ടപ്പനയിൽ ജനകീയ പരിപാടി സംഘടിപ്പിക്കും. വാക്ക് എഗൈൻസ്റ്റ് ഡ്രഗ്സ് എന്ന പേരിൽ സംഘടിപ്പിക്കുന്ന യാത്രയിൽ ഇടുക്കിയിലെ രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകരും പൊതുജനങ്ങളും പങ്കെടുക്കും.

RNU TVPM